**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3972** **09-10-2025 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദൈനംദിന ഉപയോഗത്തിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഒരു ദിവസം എത്ര ലിറ്റർ പാൽ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഓഫീസർമാർ വിപണിയിൽ ലഭ്യമായ വിവിധ പാൽ സാമ്പിളുകൾ നിരന്തരമായി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ അതിർത്തി ചെക്ക് പോസ്റ്റ് വഴി പ്രതിദിനം 5 ലക്ഷം ലിറ്ററോളം പാൽ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. പാൽ പരിശോധനയിൽ ഗുണമേന്മയില്ലാത്തതായി കണ്ടാൽ, ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നു.<br><br>അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് മിൽമ എത്തിക്കുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പു വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.<br><br>നിലവിലെ കണക്കുകൾ പ്രകാരം മിൽമയുടെ പ്രതിദിന ശരാശരി പാൽ സംഭരണവും വിൽപ്പനയും തമ്മിൽ നാലര ലക്ഷം ലിറ്ററിന്റെ അന്തരമുണ്ട്. ഈ അന്തരം നികത്തിക്കൊണ്ട് വിപണി നിലനിർത്തുന്നതിനാവശ്യമായ നാലര ലക്ഷത്തോളം ലിറ്റർ പാൽ പ്രതിദിനം മിൽമ അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്. |

സെക്ഷൻ ഓഫീസർ